പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 473 22.03.2018 ലെ മറുപടിക്ക്

**പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി.സി.കെ. ആശ<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | എ) പരമ്പരാഗത കയർ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പി.പി.എസ്.എസ് വഴി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിൽ നിന്നും കയർ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നുണ്ട്. പി.പി.എസ്.എസ് വഴി സംഭരിച്ച ഉല്പന്നങ്ങൾ, കയർ കയറ്റുമതിക്കാർക്ക് ഡിസ്കൗണ്ട് വിലയിൽ നൽകുന്നുണ്ട്. കയറ്റുമതിക്കാർ വഴി വിപണനം നടത്തിയതിനുശേഷം അവശേഷിച്ച ഉല്പന്നങ്ങൾ 2017-ലെ ഓണക്കാലത്ത് മൂല്യവർദ്ധനവ് വരുത്തി 30% സർക്കാർ റിബേറ്റോടെയും 20% കയർ കോർപ്പറേഷൻ ഡിസ് കൗണ്ടോടെയും കേരളത്തിനുള്ളിൽ 89 പ്രദർശന വിൽപ്പന കേന്ദ്രങ്ങൾ വഴി വിപണനം നടത്തിയിട്ടുണ്ട്.<br><br>കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പ്രദർശന വിൽപ്പന മേളകളിൽ പങ്കെടുക്കുന്നതിനും മേളകൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ആഭ്യന്തര വിപണി കാര്യക്ഷമമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരെയും സ്റ്റോക്കിസ്റ്റുമാരെയും കണ്ടെത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) കയറുല്പന്നങ്ങൾ വില്ക്കുന്നതിന് അഖിലേന്ത്യാടിസ്ഥാനത്തിൽ കമ്പനി | ബി) & സി) കയർ ഉൽപ്പന്നങ്ങളുടെ വിപണന ശൃംഖല വിപുലീകരിക്കുന്നതിനായി പുതിയ |

| | |
|---|---|
| രൂപീകരിക്കുന്നതിന് നീക്കമുണ്ടോ ; വ്യക്തമാക്കുമോ; | സംവിധാനം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി മത്സരക്ഷമത ഉയർത്തി വ്യാപാരം വർദ്ധിപ്പിക്കുന്നതിനും വിപണനം കാര്യക്ഷമമാക്കുന്നതിനും ഒരു കയർ ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| സി) പ്രസ്തുത കമ്പനിയുടെ ചുമതലകളും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ; | |
| ഡി) കയർ കോർപ്പറേഷനിൽ കെട്ടിക്കിടക്കുന്ന കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | ഡി) 2017-ലെ ഓണക്കാലത്ത് കേരളത്തിലെ എല്ലാ ജില്ലകളിലും ആരംഭിച്ച സ്റ്റാളുകൾ വഴി കയർ ഉൽപ്പന്നങ്ങൾ വിപുലമായി വിറ്റഴിക്കുകയുണ്ടായി. കയറ്റുമതി ചെയ്യുതിനു ശേഷമുള്ള കെട്ടിക്കിടക്കുന്ന ഉൽപ്പന്നങ്ങൾ കൂടുതൽ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കുന്നതിന് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ